## അനുസ്മരണം

### കെ.ഒ സുലൈമാൻ



**തൃശൂരിലെ** ആദ്യകാല ഇസ്‌ലാമിക പ്രവർത്തകരിലൊരാളായിരുന്നു സുലൈമാൻ സാഹിബ്. മുസ്‌ലിം സംഘടനാ നേതാക്കളുമായും പണ്ഡിതന്മാരുമായും അദ്ദേഹം ഉറ്റ സുഹൃദ്ബന്ധം സ്ഥാപിച്ചിരുന്നു. ഇതര പ്രസ്ഥാന നേതാക്കളെയും പണ്ഡിതന്മാരെയും കണ്ട് ചർച്ച നടത്തേണ്ട സന്ദർഭം വരുമ്പോൾ പോകേണ്ടവരുടെ ലിസ്റ്റിൽ ഒന്നാംസ്ഥാനത്തായിരുന്നു സുലൈമാൻ സാഹിബ്.

പണ്ഡിതനോ പ്രസംഗകനോ ആയിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ നാടൻ ശൈലിയിലുള്ള ഖുർആൻ ഹദീസ് ക്ലാസുകൾ ഏല്ലാവരെയും ആകർഷിച്ചിരുന്നു. തൃശൂരിലെ മൊയ്തീൻഷാ തുണിക്കടയിൽ ഓഡിറ്ററായിരുന്ന അദ്ദേഹം തൃശൂർ സകാത്ത് കമ്മിറ്റി, ഹിറാ മസ്ജിദ് കമ്മിറ്റി, അൽ ഉമ്മ ട്രസ്റ്റ്, മദീനാ ചാരിറ്റബ്ൾ ട്രസ്റ്റ്, തൃശൂർ ഏരിയാ സമിതി എന്നിവയുടെ സെക്രട്ടറിയായും ഓഡിറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൃശൂർ ഏരിയാ ഓർഗനൈസർ, അയ്യന്തോൾ, കൂർക്കഞ്ചേരി, തൃശൂർ ടൗൺ എന്നീ ഹൽഖകളുടെ നാസിം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

**കെ.കെ ഹമീദ് മനക്കൊടി, തൃശൂർ**

### ഇബ്റാഹീംബാവ



**മൂവാറ്റുപുഴയിൽ** പ്രസ്ഥാന പ്രവർത്തന രംഗത്ത് സജീവ സാന്നിധ്യമായിരുന്നു ഇബ്റാഹീം ബാവാ സാഹിബ്. അട്ടായം കാർകുൻ ഹൽഖാ നാസിമായും എം.ഐ.ഇ.റ്റി ട്രസ്റ്റ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ജമീല അട്ടായം വനിതാ ഹൽഖയിൽ അംഗമാണ്. ബാവാ സാഹിബ് മുൻകൈയെടുത്ത് രണ്ട് സെന്റ് സ്ഥലം ഇസ്‌ലാമിക് സെന്റർ പണിയുന്നതിനു വേണ്ടി വാങ്ങിയിട്ടുണ്ട്. അവിടെ സെന്റർ പണിയുന്നതിനു മുമ്പെ അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു.

**വി.എം മുഹമ്മദ് മൂവാറ്റുപുഴ**

### അബ്ദുൽഅസീസ്



**സ്വന്തം** പറമ്പിലെ കിണറിൽനിന്ന് വെള്ളം അടിക്കുന്നതിനിടക്ക് മോട്ടോർ പമ്പിൽനിന്ന് ഷോക്കേറ്റ് ജ.ഇ ഒറ്റപ്പാലം ഏരിയാ സെക്രട്ടറി അബ്ദുൽ അസീസ് സാഹിബ്(48) മരണപ്പെട്ടു. പ്രസ്ഥാനത്തിന്റെ എന്ത് കാര്യത്തിനും മുന്നിൽ നടക്കുന്ന പ്രവർത്തകനായിരുന്നു അദ്ദേഹം. നൂറോളം കുടുംബങ്ങൾ താമസിക്കുന്ന ഒരു കോളനിയിലേക്കുള്ള വഴി ഒരു സ്വകാര്യ വ്യക്തി കെട്ടിയടച്ചപ്പോൾ രണ്ടര ലക്ഷം രൂപ കൊടുത്ത് അയാളിൽനിന്ന് വഴി വിലയ്ക്ക് വാങ്ങി സോളിഡാരിറ്റിക്ക് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. അത് 'സോളിഡാരിറ്റി റോഡ്' എന്ന പേരിലാണ് ഇന്നറിയപ്പെടുന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാട് ഏരിയാ ഓർഗനൈസറായും ഒറ്റപ്പാലം ഏരിയയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. സീനത്താണ് ഭാര്യ. ഷഹാന, സഫീന മക്കളാണ്.

**വി.പി അബ്ദുൽറഹീം ഒറ്റപ്പാലം**